# “നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ”

## മത്തായി 5:14-16, ഒരടുത്ത നോട്ടം

“നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ നിങ്ങൾക്കു വിലയുണ്ട്,” എന്ന പാഠത്തിൽ, നാം ഗിരിപ്രഭാഷണത്തിന്റെ രണ്ടാമത്തെ ഭാഗത്തെ കുറിച്ചുള്ള പഠനമാണ് തുടങ്ങിയത്: അതായത് മത്തായി 5:13–16. “നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു” എന്ന വാക്കുകളിൽ അടങ്ങിയിരിക്കുന്നതിനെ കുറിച്ചു നാം പഠിച്ചു. ഈ പ്രസംഗത്തിൽ, നാം വാക്യം 14 മുതൽ 16 വരെ പഠിക്കും:

> നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല; വിളക്കു കത്തിച്ചു[1] പറയിൻകീഴല്ല, തണ്ടിന്മേലത്രെ വയ്ക്കുന്നത്, അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു, നിങ്ങളുടെ വെളിച്ചം അവരുടെ മേൽ പ്രകാശിക്കട്ടെ.

### ഒരു അഭിനന്ദനം

“നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു.” നിങ്ങൾ ആ പ്രസ്താവനയെ ഗൗരവമായി ചിന്തിച്ചാൽ, അതു നിങ്ങളുടെ മനസ്സിൽ വിറയൽ ഉണ്ടാക്കും. ആ വാക്കുകൾ നമ്മോടു പറയുന്നത് എന്തെന്നാൽ, ക്രിസ്ത്യാനികൾ എന്ന നിലയിൽ, നാം ദൈവത്തിന്റെ പദ്ധതിയിലും ഉദ്ദേശത്തിലും പങ്കുചേരുക മാത്രമല്ല, ഒരളവുവരെ, ദൈവത്തിന്റെയും യേശുവിന്റെയും *പ്രത്യേകസ്വഭാവത്തെ* പങ്കിടുകയുമാണ് ചെയ്യുന്നത്. യോഹന്നാൻ പറഞ്ഞു, “ദൈവം വെളിച്ചം ആകുന്നു” (1 യോഹന്നാൻ 1:5). യേശു പറഞ്ഞു, “ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു” (യോഹന്നാൻ 8:12). ഈ വാക്യങ്ങളിലൂടെ, തന്റെ അനുയായികളോട് യേശു വിരൽചൂണ്ടി പറയുന്നത്, “*നിങ്ങൾ* ലോകത്തിന്റെ[2] വെളിച്ചം ആകുന്നു.” ഇത് ഒരു ദൈവ പൈതൽ എന്ന നിലയിൽ തല ഉയർത്തി നിൽക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നില്ലെങ്കിൽ, മറ്റൊന്നും അതു ചെയ്യുകയില്ല.

“നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു” എന്ന പ്രയോഗത്താൽ യേശു അർത്ഥമാക്കിയത് എന്ത്? ഉപ്പും വെളിച്ചവും തമ്മിലുള്ള ഒരു വ്യത്യാസം നോക്കുക. അക്കാലത്ത് ഉപ്പിന്റെ പ്രാഥമികമായ ഉദ്ദേശം കൂടുതലും *തടയുന്നതായിരുന്നു*: നാശം തടയുവാൻ. വെളിച്ചത്തിന്റെ പ്രാഥമികമായ ഉദ്ദേശം *വാസ്തവികമായി*രുന്നു: ഇരുട്ട് അകറ്റുക എന്നതായിരുന്നു.

വീണ്ടും, യേശു നമുക്ക് നൽകുന്ന ചിത്രീകരണത്തിൽ ലോകത്തെ കുറിച്ചും ക്രിസ്ത്യാനികളെ കുറിച്ചും ചിലത് പറയുന്നു. ഈ ലോകം *ഇരുട്ടിൽ* ആണെന്ന് അതു നമ്മോടു പറയുന്നു. ലോകത്തിലുള്ളവർ അതു സമ്മതിച്ചുതരികയില്ല. ചിലപ്പോൾ ആളുകൾ ബൈബിളിനെ തള്ളിക്കളയുമ്പോൾ,

അവർ പറയും, “ഞങ്ങൾ ജീവിക്കുന്നത് *അറിവുള്ള* കാലത്താണ്.” “പുതിയ തെളിവ് *വെളിച്ചം* കണ്ടു” എന്ന പ്രയോഗം ഒരുപക്ഷെ നിങ്ങൾ കേട്ടിരിക്കാം. എങ്ങനെയായാലും, ഈ ലോകം പാപത്തിന്റെ ഇരുട്ടിൽ മൂടപ്പെട്ടിരിക്കുന്നു, എന്നതാണ് വസ്തുത. ഓരോ ബുദ്ധിശക്തിയും ദൈവത്തിന്റെ വിശുദ്ധ വചനത്താൽ പ്രകാശിതമായില്ലെങ്കിൽ അത് വെളിച്ചം കാണാത്ത ബുദ്ധിയാണ്.

ലോകം വാസ്തവത്തിൽ ഇരുട്ട് ഇഷ്ടപ്പെടുന്നു. “ഇരുട്ടിൽ മറഞ്ഞുകിടക്കുന്ന വസ്തുക്കളെ” വെളിച്ചം പുറത്തുകൊണ്ടുവരും (1 കൊരിന്ത്യർ 4:5; കെജെവി). തന്റെ കാലത്ത് ജീവിച്ചിരുന്ന ആളുകളെ കുറിച്ച് യേശു പറഞ്ഞു “അവരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ, അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചു” (യോഹന്നാൻ 3:19). ഒരിക്കൽ ഞാനും എന്റെ ഭാര്യയും ഒരു വീട് വാടകക്ക് എടുത്തു. ഒരു കുടുംബം അവിടെനിന്നു പോയപ്പോൾ, ആ വീട് പരിശോധിക്കുവാനായി ഞങ്ങൾ അവിടെ പോയി. ആ വീട് നിറയെ അഴുക്ക് പുരണ്ട അവസ്ഥയിൽ, മോശമാക്കിയിട്ടാണ് അവർ പോയത്. ഞങ്ങൾ ലൈറ്റുകൾ ഇട്ടപ്പോൾ, ഓരോ ദിശയിൽ നിന്നും പാറ്റകൾ പായുന്നതു കണ്ടു! പാറ്റകൾക്കു വെളിച്ചം ഇഷ്ടമല്ല – അതുപോലെയാണ് പാപമുള്ള ലോകത്തിനും. എന്നിരുന്നാലും, ലോകത്തിന് തീർച്ചയായും *ആവശ്യമായ* ഒന്നാണ് വെളിച്ചം.

ലോകം ഇരുട്ടിലാണെന്നു മാത്രമല്ല നമ്മുടെ വേദഭാഗത്തിലുള്ളത്, ക്രിസ്ത്യാനികൾ ഈ ലോകത്തിന്റെ *വെളിച്ചം* ആണെന്നും അതിൽ പറയുന്നു. വെളിച്ചമുള്ളവർ *ക്രിസ്ത്യാനിക*ളാണ്. നിങ്ങൾ യേശുവിനെയും ബൈബിളിനെയും അറിയുകയാണെങ്കിൽ, അപ്പോൾ നിങ്ങൾക്ക് വിവാഹത്തെ കുറിച്ചും, മാതാപിതാക്കളുടെ ധർമ്മത്തെ കുറിച്ചും, പ്രശ്നങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെയും, ജീവിതമെന്താണെന്നതിനെയും കുറിച്ചു ഏതൊരു ക്രിസ്ത്യാനിയല്ലാത്ത[3] പിഎച്ച്ഡി ബിരുദധാരിയെക്കാളും കൂടുതലായി അറിയും.

യേശുവിന്റെ അനുയായികൾ എന്ന നിലയിൽ, നമ്മിലുള്ള വെളിച്ചം *പ്രകാശിക്കു*വാൻ നാം അനുവദിക്കണം. ശരിയായ രീതിയിൽ ജീവിതം നയിച്ചുകൊണ്ടു നാം അതു പ്രകാശിപ്പിക്കുവാൻ അനുവദിക്കണം. ദൈവത്തിന്റെ വചനം[4] പഠിപ്പിച്ചുകൊണ്ട് അതു പ്രകാശിപ്പിക്കുവാൻ നാം അനുവദിക്കണം.

ലോകത്തിലെ ധാർമ്മികവും ആത്മീകവുമായ ഇരുട്ട് എനിക്കിഷ്ടമല്ല. ഇരുട്ട് എന്നെ നിരുത്സാഹപ്പെടുത്തുന്നു എന്ന് ഞാൻ സമ്മതിക്കണം. ചിലപ്പോൾ ഉപേക്ഷിച്ചു കളയണമെന്നു തോന്നിപ്പിക്കവിധം ഇരുട്ട് കട്ടിയായി തീരുന്നു. അങ്ങനെയുള്ള സമയത്ത്, ഇരുട്ടില്ലെങ്കിൽ വെളിച്ചത്തിനു പ്രസക്തി ഇല്ലെന്ന് ഞാൻ എന്നെ ഓർമ്മിപ്പിക്കണം. ഇരുട്ടിനെ അകറ്റുക എന്നതാണ് വെളിച്ചത്തിന്റെ ഉദ്ദേശം. അതുകൊണ്ടാണ് ദൈവം ആ സമയത്ത് ആ സ്ഥലത്ത് എന്നെ ആക്കിയിരിക്കുന്നത്![5]

അതിനോടു യോജിച്ച വേദഭാഗമാണ് ഫിലിപ്പിയർ 2:15, 16. പൗലൊസ് തന്റെ വായനക്കാരെ വെല്ലുവിളിക്കുന്നത് “*വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ,* നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിനു, *അവരുടെ ഇടയിൽ നിങ്ങൾ* ലോകത്തിൽ *ജ്യോതിസ്സുകളെ പോലെ പ്രകാശിക്കുന്നു....*” (എംഫസിസ് മൈൻ).

ഇതിനെ കുറിച്ചു ചിന്തിക്കുക: ഇരുട്ട് എത്രമാത്രം കൂരിരുട്ടാകുന്നുവോ,

വെളിച്ചം അത്രമാത്രം പ്രകാശമുള്ളതായിരിക്കും. എന്റെ കിടപ്പുമുറിയിൽ ഒരു ചെറിയ പച്ച ബൾബ് എപ്പോഴും കത്തിക്കൊണ്ടിരിക്കുന്ന ഒരുപകരണ മുണ്ട്. പകലിൽ, ആ വെളിച്ചം അത്രക്കു കാണുവാൻ പോലുമില്ല. എങ്ങനെ യായാലും, രാത്രിയിൽ, ഇരുട്ടുമായി എന്റെ കണ്ണുകൾ പൊരുത്തപ്പെട്ടശേഷം, ആ ചെറിയ പച്ചവെളിച്ചത്തിൽ, മുറിയിലുള്ള എല്ലാം എനിക്കു കാണാൻ സാധിക്കും. എല്ലാം ഇരുട്ടിലായിരിക്കുമ്പോൾ[6] ചെറിയ വെളിച്ചത്തിനുപോലും വിലയുണ്ടാകുന്നു.

നമ്മിൽ അടിസ്ഥാനപരമായി പ്രകാശിപ്പിക്കുന്ന ശക്തി ഉള്ള കാരണ ത്താൽ നാം "വെളിച്ചം" ആകുന്നില്ല എന്ന് ഊന്നിപ്പറയട്ടെ. മറിച്ച്, നാം വെളി ച്ചത്തിന്റെ ഉറവിടവുമായി ബന്ധപ്പെടുന്നതുകൊണ്ട് നാം "വെളിച്ചം" ആകു ന്നു: ദൈവവും യേശുവും. സൂര്യന്റെ പ്രകാശത്താൽ പ്രതിഫലിക്കുന്ന ചന്ദ്ര നുമായി ക്രിസ്ത്യാനികളെ താരതമ്യം ചെയ്യാം. ബാഹ്യമായ ഊർജ്ജ സ്രോത സ്സിനാൽ പ്രകാശിക്കുന്ന ബൾബിന്റെ വെളിച്ചവുമായി നമ്മെ താരതമ്യം ചെയ്യാം. എന്നിരുന്നാലും, "ലോകത്തിന്റെ വെളിച്ചമാണ് നിങ്ങൾ" എന്ന വാക്കുകളാൽ യേശു നമുക്കു വളരെയധികം അഭിനന്ദനം നൽകുന്നു.

### ഒരു വെല്ലുവിളി

ക്രിസ്തുവിന്റെ വാക്കുകൾ വെറും ഒരു അഭിനന്ദനം മാത്രമല്ല, എന്നാൽ അത് ഒരു വെല്ലുവിളിയുമാണ്: നാം നമ്മുടെ വെളിച്ചത്തെ *പ്രകാശിക്കു വാൻ* അനുവദിക്കണം.

യേശു പറഞ്ഞു, "മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിക്കുവാൻ പാടി ല്ല" (വാ. 14). അക്കാലത്ത്, രണ്ടു കാരണങ്ങളാൽ ആയിരുന്നു പട്ടണങ്ങൾ കുന്നുകളിന്മേൽ അല്ലെങ്കിൽ പർവ്വതങ്ങളിന്മേൽ പണിതിരുന്നത്. ഒന്നാമ ത്തേത് പ്രായോഗികമായ ഒരു കാരണമായിരുന്നു: അത് വിലയുള്ള കൃഷി സ്ഥലങ്ങളെ പാഴാക്കുന്നില്ല. രണ്ടാമത്തേത് സംരക്ഷണകാരണമായിരുന്നു: ഒരു കുന്നിന്റെ മുകളിൽ നിന്നുകൊണ്ട്, പട്ടണവാസികൾക്ക് അവരുടെ ശത്രു ക്കൾ താഴെ നിന്നുവരുന്നത്[7] കാണാ മായിരുന്നു. ഒരു സഞ്ചാരി ദേശത്തു കൂടെ പോകുമ്പോൾ, പട്ടണത്തെ സമീപിക്കുമ്പോൾ എപ്പോഴും അയാൾക്കു പറയുവാൻ സാധിക്കുമായിരുന്നു: അതാ അവിടെ, കുന്നിന്മേൽ ആയിരുന്നു ആ പട്ടണം. യേശുവിന്റെ പോയിന്റ് എന്തെന്നാൽ, മനുഷ്യർക്ക് അവരുടെ പട്ടണങ്ങൾ മറെക്കുവാൻ സാദ്ധ്യമല്ലാത്തതുപോലെ, നമ്മുടെ വെളിച്ചവും (നമ്മുടെ സ്വാധീനം) നാം മറെക്കുവാൻ പാടില്ല. അതിനെ തുടർന്നുള്ള വാക്കുകളിൽ ആ പ്രായോഗികത വ്യക്തമാണ്.

യേശു തുടർന്നു, "വിളക്കു കത്തിച്ച് പറയിൻകീഴല്ല വെക്കേണ്ടത്" (വാ. 15). കെജെവിയിൽ ഉള്ളത് "അതുപോലെ മനുഷ്യരും ... അത് പറയിൻകീ ഴിലല്ല വെക്കേണ്ടത്" എന്നാണ്. ഇത് കുട്ടിയായിരുന്നപ്പോൾ എന്നെ തെറ്റിദ്ധ രിപ്പിച്ചിട്ടുണ്ട്, കാരണം ഞങ്ങൾ അളവിനായി ഉപയോഗിച്ചിരുന്ന കുട്ടകൾ ധാരാളം ദ്വാരമുള്ളതായിരുന്നു. ഞാൻ ഒരു മെഴുകുതിരിയോ വിളക്കോ കത്തിച്ച് അവയുടെ താഴെ വെച്ചാൽ, വിടവുകളിലൂടെ വെളിച്ചം പുറത്തേക്ക് ഒഴുകുമായിരുന്നു. 1995-ലെ എൻഎഎസ്ബിയുടെ എഡിഷനിൽ ഉള്ളത് "എ പെക്-മെഷർ" എന്നാണ്. ഒരു പെക്[8] അളവ് കൊള്ളത്തക്ക വലിയ മൺപാ ത്രമായിരുന്നു അത്. അത്തരം ഒരു മൺപാത്രത്തിനടിയിൽ വിളക്ക് കത്തി ച്ചുവെച്ചാൽ അതിനുപുറത്തേക്ക് വെളിച്ചം[9] കടക്കുകയില്ല.

"നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ നിങ്ങൾക്കു വിലയുണ്ട്" എന്ന പ്രസംഗത്തിൽ ഉപ്പിന് അതിന്റെ കാരം നഷ്ടമാകുന്നതിനെ കുറിച്ചുള്ള ചിത്രീകരണത്തിന്റെ അതേ അടിസ്ഥാനപരമായ അർത്ഥമാണ് നമ്മുടെ വിളക്കു കത്തിച്ച് പറയിൻ–കീഴിൽ വെക്കരുത് എന്ന ചിത്രീകരണത്തിനും ഉള്ളത്. കാരമില്ലാത്ത "ഉപ്പ്" ഒരു വിലയുമില്ലാത്തതാണ്; അതുപോലെ തന്നെയാണ് മറെച്ചുവെച്ച വെളിച്ചവും. ഉപ്പിന് കാരമില്ലാതാകുവാൻ സാദ്ധ്യതയുള്ളതുപോലെ, ഇരുട്ടിനെ അകറ്റുവാനുള്ള ശക്തി വെളിച്ചത്തിന് നഷ്ടമാകുവാനും സാദ്ധ്യതയുണ്ട്. അതെങ്ങനെ സംഭവിക്കും? വെളിച്ചം മറെച്ചുവയ്ക്കാം. നിർഭാഗ്യവശാൽ, യേശുവിനെ അനുഗമിക്കുന്നു എന്നവകാശപ്പെടുന്ന പലരും അവരുടെ വെളിച്ചം വെച്ചിരിക്കുന്നത് അജ്ഞതയുടെ "പറയിൻ" കീഴിൽ, ലോകത്തിന്റെ "പറയിൻ" കീഴിൽ, അല്ലെങ്കിൽ താല്പര്യമില്ലായ്മയുടെ[10] "പറയിൻ" കീഴിലാണ്. അവസാനം പറഞ്ഞ വിഭാഗത്തെ കുറിച്ച്, ദൈവം പറഞ്ഞു, "ഇരു–മനസ്സുള്ളവരെ ഞാൻ വെറുക്കുന്നു" (സങ്കീർത്തനങ്ങൾ 119:113) – അതായത്, വിഭജിക്കപ്പെട്ട ബന്ധത്തോടുകൂടിയവർ. ആ വാക്യത്തെ മോഫാറ്റ് തർജ്ജിമ ചെയ്തിരിക്കുന്നത്, "പകുതി പകുതി അളവിലുള്ള മനുഷ്യരെ ഞാൻ വെറുക്കുന്നു" എന്നാണ്.

യേശുവിന്റെ കാലത്ത്, ആളുകൾ വിളക്കുകത്തിച്ച് പാത്രത്തിൻ കീഴിൽ വെച്ചിരുന്നില്ല; മറിച്ച്, അവരുടെ വിളക്കുകൾ തണ്ടിന്മേൽ അത്രേ വെച്ചിരുന്നത് (വാ. 15). ആ തണ്ടുകൾ ചുമരുകളുടെ മുകളിലായിരുന്നു വെച്ചിരുന്നത്. ചിലപ്പോൾ തണ്ട് ചുമരിൽ തന്നെ നിർമ്മിച്ചിരിക്കും; പലപ്പോഴും അത് മരംകൊണ്ടോ ലോഹം കൊണ്ടോ ഉണ്ടാക്കിയ ചെറിയ അലമാരി ആയിരിക്കും. അത്തരം ഒരു തണ്ടിന്മേൽ, വെച്ചിരിക്കുന്ന വിളക്കിന്റെ "വെളിച്ചം വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു" (വാ. 15). അതുപോലെ, യേശു പറഞ്ഞു, "*നിങ്ങളുടെ* വെളിച്ചം മനുഷ്യരുടെ മുൻപിൽ പ്രകാശിക്കട്ടെ" (വാ. 16; എംഫസിസ് മൈൻ).

നാം അതു എങ്ങനെ ചെയ്യും? യേശു പറഞ്ഞു, "*അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു* സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ" (വാ. 16; എംഫസിസ് മൈൻ). നാം "നല്ല പ്രവൃത്തികൾ" ചെയ്തുകൊണ്ടു – ജീവിക്കേണ്ടതുപോലെ ജീവിച്ച് മറ്റുള്ളവരെ സഹായിക്കുമ്പോൾ – നമ്മുടെ വെളിച്ചം പ്രകാശിക്കുവാൻ[11] അനുവദിക്കുകയാണ്.

ഗിരിപ്രഭാഷണം പരിചയമുള്ളവരിൽനിന്ന് ഒരു എതിർവാദം ഞാൻ പ്രതീക്ഷിക്കുന്നു: അടുത്ത അദ്ധ്യായത്തിൽ, "മനുഷ്യർക്കു വിളങ്ങേണ്ടതിനു" ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതിനെതിരെ യേശു മുന്നറിയിച്ചിരിക്കുന്നു (മത്തായി 6:5; 6:16 നോക്കുക). കാണേ*ണ്ടതിന്* ചിലതു ചെയ്യുന്നതും കാണാ*വുന്ന* ചിലതു ചെയ്യുന്നതും തമ്മിൽ എന്താണു വ്യത്യാസം? "മനോഭാവത്തിലും ഉദ്ദേശത്തിലുമാണ്" എന്നതാണ് ഉത്തരം. മറ്റുള്ളവർ *നമ്മെ* പുകഴ്ത്തേണ്ടതിന് ആളുകളെ കാണിച്ച് സൽപ്രവൃത്തികൾ ചെയ്യുന്നതും, മറ്റുള്ളവർ *ദൈവത്തെ* മഹത്വപ്പെടുത്തേണ്ടതിന് അവരെ നമ്മുടെ സൽപ്രവൃത്തികൾ കാണുവാൻ അനുവദിക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

നമ്മുടെ വെളിച്ചത്തിന് പ്രയോജനം ഉണ്ടാകണമെങ്കിൽ, ആളുകൾ അതു

*കാണണം.* ആരോ പറഞ്ഞത്, അവസാനം, രഹസ്യ ശിഷ്യത്വത്തെ പോലെ ഒന്നില്ല: ഒന്നുകിൽ രഹസ്യം ശിഷ്യത്വത്തെ നശിപ്പിക്കുന്നു അല്ലെങ്കിൽ ശിഷ്യത്വം രഹസ്യത്തെ നശിപ്പിക്കുന്നു.

നാം എന്തുകൊണ്ട് നമ്മുടെ വെളിച്ചം പ്രകാശിക്കുവാൻ അനുവദിക്കണം? വ്യക്തിപരമായ നേട്ടം ലക്ഷ്യമാക്കിയല്ല നാം പ്രവർത്തിക്കേ ണ്ടത്; മറിച്ച്, നാം അന്വേഷിക്കേണ്ടത് ദൈവമഹത്വമാണ്. വെളിച്ചത്തിന്റെ ഉദ്ദേശം അതിലേക്ക് ശ്രദ്ധ ക്ഷണിക്കുകയല്ല, പിന്നെയോ അതിന്റെ രശ്മികൾ പതിക്കുന്നവയ്ക്കു പ്രകാശം നൽകുക എന്നതാണ്. ദൈവഭക്തിയോടുകൂടിയ നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ഉദ്ദേശം നമ്മളിലേക്ക് ശ്രദ്ധ ആകർഷിക്കുന്നതിനല്ല, മറിച്ച് (യേശു പറഞ്ഞതുപോലെ) "സ്വർഗ്ഗസ്ഥനായ [നമ്മുടെ] പിതാവിനെ മഹത്വപ്പെടുത്തേണ്ടതി" നാണ് (വാ. 16).

**ഉപസംഹാരം**

ഉപ്പും വെളിച്ചവും പ്രാധാന്യമുള്ളവയാണ്. നമുക്ക് ധാരാളം വസ്തുക്കൾ ആവശ്യമുണ്ടെന്ന് നാം കരുതുന്നു, എന്നാൽ വളരെ ചുരുക്കം വസ്തുക്കൾ മാത്രമാണ് ആവശ്യമായിട്ടുള്ളത്. ആവശ്യമുള്ളവയിൽ ഉൾപ്പെടുന്നവയാണ് ഉപ്പും വെളിച്ചവും; അവ കൂടാതെ നാം ജീവിക്കുവാൻ ആഗ്രഹിക്കുന്നില്ല. യേശു പറഞ്ഞു, "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു"; "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു." ആ വാചകങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന അഭിനന്ദനത്തെ നാം അനുമോദിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ആ വാക്കുകളിൽ അന്തർലീനമായിരിക്കുന്ന വെല്ലുവിളി നാം സ്വീകരിക്കുമെന്നാണ് എന്റെ പ്രാർത്ഥന.

സഭ എങ്ങനെയാണ് അറിയപ്പെടുന്നത്? നിങ്ങൾ സേവിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഇടവകയെ ഓർമ്മിക്കുമ്പോൾ, ആളുകൾ എന്തു പറയും? അത് എന്തിനെങ്കിലും വേണ്ടി *നിലനില്ക്കുന്നു*വെന്നും (അതായത് അതു "ഉപ്പ്" ആകുന്നു) കർത്താവിനുവേണ്ടി അതെന്തെങ്കിലും *ചെയ്യുന്നു* (അതായത് അതു "വെളിച്ചം" ആകുന്നു) എന്നു മാണോ അവരുടെ വാക്കുകൾ സൂചിപ്പിക്കുന്നത്? *നിങ്ങളെ* സംബന്ധിച്ചോ? നിങ്ങളുടെ സമൂഹത്തിൽ നിങ്ങൾ എങ്ങനെയാണ് അറിയപ്പെടുന്നത്? നിങ്ങൾ ഉപ്പ് ആണോ? നിങ്ങൾ വെളിച്ചം ആണോ?

നമുക്കുചുറ്റുമുള്ള പാപമുള്ള ലോകത്തെ കുറിച്ച് നമ്മൾ പലപ്പോഴും കരയുകയും വിലപിക്കുകയും ചെയ്യും. നാം ചോദിക്കും, "*എന്തുകൊണ്ട്?* എന്തുകൊണ്ട് ലോകം ഇത്ര മോശമായി പോകുന്നു?" ഒരുപക്ഷെ നാം ചോദിക്കണം, "*എവിടെ?* എവിടെയാണ് ഉപ്പും വെളിച്ചവും ഉള്ളത്?" നാം ഓരോരുത്തരും "ഭൂമിയുടെ ഉപ്പും" "ലോകത്തിന്റെ വെളിച്ചവും"[12] ആകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കുറിപ്പുകൾ

[1]കെജെവിയിൽ "മെഴുകുതിരി" എന്നും "മെഴുകുതിരിതണ്ട്" എന്നുമാണുള്ളത്, പക്ഷെ മെഴുകുതിരി കണ്ടു പിടിച്ചത് വളരെ കഴിഞ്ഞാണ്. മൂലഭാഷയിൽ "വിളക്ക്" എന്നാണുള്ളത്. [2]മൂല വേദഭാഗത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത് "നിങ്ങൾ" എന്നതിനാണ്. ക്രിസ്ത്യാനി ആകുക എന്നാൽ ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്ക് പ്രവേശിക്കുക എന്നാണ് പല വേദഭാഗങ്ങളും പറയുന്നത് (നോക്കുക യോഹന്നാൻ 8:12; പ്രവൃത്തികൾ 26:18; എഫെസ്യർ 5:8; ഫിലിപ്പിയർ 2:15, 16; 1 പത്രൊസ് 2:9). [3]വിദ്യാഭ്യാസത്തെ കുറച്ചു കാണിക്കുവാൻ ഉദ്ദേശിച്ചുള്ളതല്ല ആ പ്രസ്താവന. ഒരാൾക്ക് എത്രത്തോളം വിദ്യാഭ്യാസം നേടാമോ അത്രത്തോളം നേടാമെന്നു ഞാൻ വിശ്വസിക്കുന്നു. ഭൗതിക വിദ്യാഭ്യാസത്തേക്കാൾ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് ബൈബിൾപരിജ്ഞാനം എന്നതിനു ഊന്നൽ കൊടുക്കുവാനാണ് ആ പ്രസ്താവന ഉദ്ദേശിക്കുന്നത്. [4]നിങ്ങൾക്കു വേണമെങ്കിൽ പ്രസംഗത്തിന്റെ ആ ഭാഗം, സദസ്യർക്കു വ്യക്തിപരമായ പ്രായോഗികത വരുത്തി വിപുലമാക്കാം. നിങ്ങളുടെ സമൂഹത്തിൽ അവർക്കു "അവരുടെ വെളിച്ചം പ്രകാശിപ്പിക്കുവാൻ അനുവദിക്കുന്ന" വഴികൾ പറഞ്ഞുകൊടുക്കുക. [5]ഇരുട്ടിനെ അകറ്റുന്ന ദൈവത്തിന്റെ വെളിച്ചം ഉള്ള, സ്വർഗ്ഗത്തിൽ പോകുവാൻ ഞാൻ നോക്കിപ്പാർത്തിരിക്കുന്നു (വെളിപ്പാട് 21:25; 22:5). അതിനിടയിൽ, ദൈവം എന്നെ കുറിച്ച് ആഗ്രഹിക്കുന്ന ഇരുട്ടുള്ള ലോകത്തിലാണ് ഞാൻ ജീവിക്കുന്നത്. [6]ചെറിയ ഒരു വെളിച്ചത്തിനു പോലും ഇരുട്ടിൽ എങ്ങനെ പ്രകാശം നൽകാം എന്നതിനെ സംബന്ധിച്ച് നിങ്ങളുടേതായ ഒരു ചിത്രീകരണം നല്കുക. എല്ലാവരും രാത്രിയിൽ അവരുടെ മെഴുകുതിരി കത്തിക്കുകയോ ടോർച്ച് തെളിയിക്കുകയോ ചെയ്യുന്ന വലിയ സ്റ്റേഡിയത്തിൽ ഞാൻ ആയിരുന്നിട്ടുണ്ട്. അതു വലിയ വ്യത്യാസം വരുത്തുന്നതാണ്. [7]"മലമേലുള്ള" പട്ടണങ്ങൾക്ക് പ്രതിരോധിക്കുവാൻ സാധാരണ എളുപ്പമാണ്. [8]ഒരു പെക്ക് എന്നത് എട്ട് ക്വാർട്ട്സിനു (ഒരു ബുഷലിന്റെ നാലിൽ–ഒന്ന്), അല്ലെങ്കിൽ 8.81 ലിറ്ററിനു തുല്യമാണ്. [9]വിളക്ക് കത്തിച്ച് പറയിൻ കീഴ് വെയ്ക്കുന്നത് വായു തീർന്നുകഴിയുമ്പോൾ ക്രമേണ പ്രകാശം *കെട്ടുപോകു*വാനും ഇടയാക്കുന്നു – എന്നാൽ യേശുവിന്റെ പ്രാഥമികമായ ഊന്നൽ വെളിച്ചം *മറെച്ചു*വെക്കുന്നതിനെ കുറിച്ചായിരുന്നു. [10]ആ "പറകളുടെ" ലിസ്റ്റിൽ ഇനിയും ചേർക്കാം. നിങ്ങൾ താമസിക്കുന്ന പ്രദേശത്തിനു യോജിച്ച ഒന്ന് അതിൽ നിന്ന് എടുക്കുക.

[11]ഇതും, നിങ്ങളുടെ സദസ്യർ താമസിക്കുന്ന സ്ഥലത്ത്, "അവരുടെ വെളിച്ചം പ്രകാശിപ്പിക്കുവാൻ" സഹായിക്കുന്ന പ്രത്യേക വഴികൾ ഉൾപ്പെടുത്തുവാൻ വേണ്ടി വിപുലമാക്കേണ്ടതാണ്. [12]നിങ്ങൾ ഈ പ്രസംഗം ഉപയോഗിക്കുമ്പോൾ, ശരിയായ സ്വാധീനത്തിന് ആവശ്യമായത് ചെയ്യുവാൻ നിങ്ങളുടെ ശ്രോതാക്കളെ പ്രോത്സാഹിപ്പിക്കണം. ചിലർ വിശ്വാസവും സ്നാനവും മുഖാന്തരം ക്രിസ്ത്യാനികൾ ആകേണ്ടതുണ്ട് (മർക്കൊസ് 16:16). അവിശ്വസ്തരായ ക്രിസ്ത്യാനികൾ മാനസാന്തരത്തിലൂടെയും, ഏറ്റുപറച്ചിലിലൂടെയും, പ്രാർത്ഥനയിലൂടെയും യഥാസ്ഥാനപ്പെടേണ്ടതുണ്ട് (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).